"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിലെ അപ്പൻപിള്ള റോഡിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2796, 2797 എന്നിവയിൽപ്പെട്ട ഒരു ഏക്കർ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.33/2026/AGRI തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- (1) 25.02.2004-ലെ ജി.ഒ.(എം.എസ്) നം.46/2004/ജി.എ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(2) 28.04.2005-ലെ ജി.ഒ.(എം.എസ്) നം.142/2005/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്.

(3) 06.02.2006-ലെ ജി.ഒ.(എം.എസ്) നം.42/2006/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്.

(4) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06.03.2025-ലെ DCTVM/11643/2024-B20 & 15.09.2025-ലെ DCTVM/8286/2025-B7 നമ്പർ റിപ്പോർട്ടുകൾ.

(5) കടകംപള്ളി കൃഷി ഓഫീസറുടെ 23.09.2025-ലെ KDPY 10/2025-26 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 2004-2006 കാലഘട്ടത്തിൽ, തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിലെ അപ്പൻപിള്ള റോഡിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2796, 2797 എന്നിവയിൽപ്പെട്ട ഏകദേശം ഒരു ഏക്കർ ഭൂമിയിൽ നിന്ന് ഓരോ കുടുംബത്തിനും പരമാവധി 5 സെന്റ് വീതം അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി വെള്ളക്കെട്ടോടുകൂടിയ ചതുപ്പുനിലമായതിനാലും, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം ഭൂമി വാസയോഗ്യമാക്കി നൽകുന്നതിലും നിയമപരമായ തടസ്സങ്ങൾ നിലനിന്നിരുന്നു.

2. പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്നും നെൽകൃഷിയ്ക്ക് അനുയോജ്യമല്ലായെന്നും എന്നാൽ ടി ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നത് കാരണം ഭാവിയിൽ വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, ഭൂമി പുനരധിവാസത്തിനായി തരം മാറ്റുന്നതിന് ആവശ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും പരാമർശം (4)

പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത ഭൂമിയുടെ ഒരു ഭാഗത്ത് വെള്ളക്കെട്ടുണ്ടെന്നും മണ്ണിട്ട് നികത്തുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും പരാമർശം (5) പ്രകാരം കൃഷി ഓഫീസറും റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ പ്രസ്തുത വിഷയം കൃഷി, റവന്യൂ ടൂറിസം വകുപ്പുകളുടെ അഭിപ്രായം സഹിതം വിശദമായി പരിശോധിച്ചു. വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഇതരഭൂമി ലഭ്യമല്ലാത്തതിനാൽ, തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ അപ്പൻപിള്ള റോഡിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും സെറ്റിൽമെന്റ് രജിസ്റ്ററിൽ നിലമായി രേഖപ്പെടുത്തിയതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ സർവ്വേ നമ്പർ 2796, 2797 എന്നിവയിൽപ്പെട്ട ഒരു ഏക്കർ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 'പൊതു ആവശ്യം' എന്ന ഗണത്തിൽപ്പെടുത്തി പരിവർത്തനം ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. നിർദ്ദിഷ്ട ഭൂമി വേളി അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസ ആവശ്യത്തിനായി മാത്രം ഉപയോഗിക്കേണ്ടതാണ്.
ii. പ്രസ്തുത ഭൂമിയുടെ പരിവർത്തനം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകൾ കർശനമായി പാലിച്ചു കൊണ്ടായിരിക്കണം.
iii. പരിവർത്തനം നടത്തുമ്പോൾ പ്രകൃതിദത്ത ജലപ്രവാഹം തടസ്സപ്പെടാതെയും സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതെയും ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം.
3. റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം.
5. കൃഷി ഓഫീസർ, കടകംപള്ളി, തിരുവനന്തപുരം.
6. വില്ലേജ് ഓഫീസർ, കടകംപള്ളി, തിരുവനന്തപുരം.
7. റവന്യൂ വകുപ്പ് [REV-PB2/3357/2025-REV നമ്പർ ഫയൽ പ്രകാരം].
8. ടൂറിസം വകുപ്പ് [TOUR-A2/207/2025-TOUR നമ്പർ ഫയൽ പ്രകാരം].
9. പൊതുഭരണ (എസ്.സി) വകുപ്പ് [13.03.2026-ലെ മന്ത്രിസഭാ യോഗ തീരുമാനം, ഇനം നം.3944 പ്രകാരം].
10. വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന്].

11. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് [ഫയൽ നം.AGRI-NCA2/314/2024-AGRI].

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 14-03-2026 16:37:25
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.
3. ബഹു.ടൂറിസം വകുപ്പ് മന്ത്രിയുടെ പി.എസ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. കൃഷി-എൻ.സി.എ2/314/2024/കൃഷി. ഇനം നം: 3944

വിഷയം : കൃഷി വകുപ്പ് - വേളി ടൂറിസ്റ്റ് വില്ലേജിലെ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിലെ സർവ്വേ നമ്പർ 2796, 2797-ൽ ഉൾപ്പെട്ട വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സ്വഭാവവ്യതിയാനം വരുത്തി വാസയോഗ്യമാക്കി നൽകുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | കൃഷി–എൻ.സി.എ 2/314/2024–കൃഷി |
| 2 | വകുപ്പ് | : | കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : | വേളി ടൂറിസ്റ്റ് വില്ലേജിലെ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിലെ സർവേ നമ്പർ 2796, 2797–ൽ ഉൾപ്പെട്ട വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സ്വഭാവവ്യതിയാനം വരുത്തി വാസയോഗ്യമാക്കി നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05.03.2026 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് . | : | ശ്രീ.ജാഫർഖാൻ എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ബി.അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വേളി ടൂറിസ്റ്റ് വില്ലേജിലെ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിലെ സർവേ നമ്പർ 2796, 2797-ൽ ഉൾപ്പെട്ട വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സ്വഭാവവ്യതിയാനം വരുത്തി വാസയോഗ്യമാക്കി നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. വേളി ടൂറിസ്റ്റ് വില്ലേജിൽ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 2004-2006 കാലഘട്ടത്തിൽ, തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിലെ അപ്പൻപിള്ള റോഡിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം ഒരു ഏക്കർ ഭൂമിയിൽ നിന്ന് ഓരോ കുടുംബത്തിനും പരമാവധി 5 സെന്റ് വീതം അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി വെള്ളക്കെട്ടോടുകൂടിയ ചതുപ്പുനിലമായതിനാലും, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രകാരം തണ്ണീർത്തടം നികത്തുന്നതിന് നിയന്ത്രണങ്ങൾ ഉള്ളതിനാൽ, ഭൂമി അളന്ന് തിരിച്ച് പതിച്ചു നൽകാൻ ടൂറിസം വകുപ്പിന് സാധിച്ചിരുന്നില്ല.

3. ഭൂമി വാസയോഗ്യമാക്കി പതിപ്പിച്ച് നൽകാത്തതിനെതിരെ ശ്രീ.ആൻഡ്രൂ ഗോമസ് മുതൽപേർ ബഹു.ലോകായുക്തയിൽ C No. 365/2012A & 1685/2012A ഫയൽ ചെയ്തിരുന്നു. പ്രസ്തുത പരാതികൾ പരിഗണിച്ച ബഹു.ലോകായുക്ത 26.08.2019-ലെ പൊതു ഉത്തരവിൽ പുനരധിവാസത്തിനായി കണ്ടെത്തിയ ഭൂമി ചതുപ്പുനിലമായതിനാൽ സർവേ/അതിർത്തി നിർണ്ണയം നടത്തുന്നതിന് മുമ്പ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10 പ്രകാരം സർക്കാർ ഇളവ് ലഭ്യമാക്കേണ്ടതുണ്ടെന്നും ടി സാഹചര്യത്തിൽ, ടൂറിസം വകുപ്പ് ഡയറക്ടർ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 10 പ്രകാരം ആവശ്യമായ ഇളവിനായി സർക്കാരിനെ സമീപിച്ച് രണ്ട് ആഴ്ചയ്ക്കകം അപേക്ഷ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അപ്രകാരം, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ലെ സെക്ഷൻ 11 പ്രകാരം തണ്ണീർത്തടങ്ങൾ നികത്തുന്നതിന് സമ്പൂർണ്ണ വിലക്കുള്ളതിനാൽ നിയമത്തിൽ ഇളവ് അനുവദിക്കാൻ വ്യവസ്ഥയില്ലെന്ന നിലപാടിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് നിരസിച്ചു.

4. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി പകരം ഭൂമി കണ്ടെത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി

റവന്യൂ രേഖകൾ പരിശോധിക്കുകയുണ്ടായി. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി 'നിലം' വിഭാഗത്തിൽപ്പെട്ടതാണെങ്കിലും, വർഷങ്ങളായി കൃഷി നടക്കാത്തതിനാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെന്നും, പൊതുആവശ്യത്തിനായി അത്യന്താപേക്ഷിതമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ലെ സെക്ഷൻ 10 പ്രകാരം അനുമതി നൽകാൻ സർക്കാരിന് കഴിയുമെന്നും ഡെപ്യൂട്ടി കളക്ടർ (LR) റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സ്ഥലം സർവ്വേ ചെയ്ത് 18 പ്ലോട്ടുകളായി വിഭജിക്കുന്ന നടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പൂർത്തീകരിച്ചു.

5. തുടർന്ന് ടൂറിസം വകുപ്പ് കൃഷി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ ചേർക്കുന്ന അഭിപ്രായം നൽകി:

*"അപേക്ഷാ സ്ഥലം, സ്ഥല പരിശോധനയിൽ ചതുപ്പ് നിലമായിട്ടാണ് കാണപ്പെട്ടത്. പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തുന്നതുമൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ടി ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും തണ്ണീർത്തട സ്വഭാവത്തിൽ പ്പെട്ട ഭൂമി എന്ന് ബോധ്യപ്പെട്ടു. 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ തണ്ണീർത്തടത്തിൽപ്പെട്ട ഭൂമി സംരക്ഷിക്കേണ്ട ഭൂമിയായതിനാലും പരിവർ ത്തനപ്പെടുത്താൻ നിയമത്തിൽ വ്യവസ്ഥ ഇല്ലാത്തതുമാണ് . കൂടാതെ ടി ഭൂമി coastal Regulation Zone - ൽ ഉൾപ്പെട്ട ഭൂമി ആണോ എന്നും പരിശോധിക്കേണ്ടതുണ്ട്. കടകംപള്ളി വില്ലേജിൽ അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണത്തിനായി കുടിയൊഴിക്കപ്പെട്ട് 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ടൂറിസം വകുപ്പ് ഇപ്പോൾ കണ്ടെത്തിയ ഭൂമിയും (സർവ്വേ നമ്പർ 2796, 2797 ൽ ഉൾപ്പെട്ട ഒരേക്കർ വസ്തു) പാരിസ്ഥിതികാഘാതം കണക്കിലെടുത്ത് പരിവർത്തനപ്പെടുത്താൻ അനുമതി നൽകുവാൻ സാധ്യമല്ല എന്ന വിവരം അറിയിക്കുന്നു".*

6. തുടർന്ന്, 18 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക അനുമതിയ്ക്കായി ടൂറിസം വകുപ്പ് ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി, റവന്യൂ, ടൂറിസം, കൃഷി സെക്രട്ടറിമാർ തുടങ്ങിയവരുടെ യോഗം വിളിച്ചുചേർത്ത് നിർദ്ദേശം സമർപ്പിക്കണമെന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 12.10.2023-ൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംയുക്ത പരിശോധന കമ്മിറ്റി സ്ഥലപരിശോധന നടത്തുകയും വിഷയം പരിശോധിക്കുകയും ചെയ്തു.

7. പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്നും നെൽകൃഷിക്ക് അനുയോജ്യമല്ലായെന്നും എന്നാൽ ടി ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നത് കാരണം ഭാവിയിൽ വെള്ളക്കെട്ടുണ്ടാകാൻ സാധ്യതയുണ്ടെന്നും ഭൂമി പുനരധിവാസത്തിനായി തരം മാറ്റുന്നതിന് ആവശ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ജലനിർഗ്ഗമനത്തിനുള്ള വ്യക്തമായ പ്ലാൻ തയ്യാറാക്കണമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ**,** പ്രസ്തുത സ്ഥലത്തിന്റെ 10% ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അവലംബിച്ചുള്ള ഒരു പ്രോപ്പോസൽ M/s KIIDC മുഖേന തയ്യാറാക്കി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. പ്രസ്തുത സ്ഥലം കൃഷി ഓഫീസർ സന്ദർശിക്കുകയും പ്രസ്തുത ഭൂമിയുടെ ഒരു ഭാഗത്ത് വെള്ളക്കെട്ടുണ്ടെന്നും മണ്ണിട്ട് നികത്തുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

8. ഇതിനിടയിൽ, വേളി അമ്യൂസ്മെന്റ് പാർക്കിനായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പകരം ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ജോൺ മിരാന്റ, തിരുവനന്തപുരം മുതൽപേർ ഹർജികൾ സംബന്ധിച്ച സമിതി (2023-26) മുമ്പാകെ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 27.07.2025 ലെ സ.ഉ.(സാധാ)നം.1787/2025/RD പ്രകാരം, വിനോദസഞ്ചാരം, കൃഷി, റവന്യൂ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സംയുക്ത സമിതി രൂപീകരിക്കുകയും, പ്രസ്തുത സമിതി 02.08.2025 ൽ ചേർന്ന യോഗത്തിൽ ചുവടെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു.

- ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം നിലം ഇനത്തിൽപ്പെട്ടതും, എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പ്രസ്തുത ഭൂമിയിൽ വിനോദസഞ്ചാര വകുപ്പിനെ അറിയിച്ചുകൊണ്ട് അടിയന്തരമായി ഡിജിറ്റൽ സർവ്വേ നടത്തി, ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രകാരം പ്രസ്തുത ഭൂമി സ്വഭാവവ്യതിയാനം വരുത്തുന്നതിന് സാധിക്കുമോയെന്നത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കുക.
- ജില്ലാ കളക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രകാരമുള്ള പൊതുആവശ്യം എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സ്വഭാവവ്യതിയാനം വരുത്തി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് കൈമാറുന്നതിന് സാധിക്കുമോയെന്ന വിഷയത്തിൽ

കൃഷി, റവന്യൂ എന്നീ വകുപ്പുകളുടെ അഭിപ്രായസഹിതം വിനോദസഞ്ചാരവകുപ്പ് മുഖേന ഫയൽ ബഹു.മന്ത്രിസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

9. പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരം മാറ്റി മണ്ണിട്ട് നികത്തുന്നതിന് കൃഷി ഓഫീസർ തടസ്സം ഉന്നയിക്കുകയും ടി പ്രവൃത്തി പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 10 പ്രകാരം പൊതു ആവശ്യം പരിഗണിച്ച് സർക്കാർ തലത്തിൽ അനുമതി വാങ്ങി വാസയോഗ്യമാക്കി നൽകാവുന്നതാണെന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടൂറിസം വകുപ്പ് കൃഷി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ ചേർക്കുന്ന അഭിപ്രായം നൽകി:

*"വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2004-ൽ കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ അപ്പൻപിള്ള റോഡിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2796, 2797-ൽപ്പെട്ട ഒരു ഏക്കർ ഭൂമി പരിവർത്തനം ചെയ്യുന്ന വിഷയത്തിൽ, പ്രസ്തുത ഭൂമി മണ്ണിട്ട് നികത്തുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിലും, ടി ഭൂമി വെള്ളക്കെട്ടോട് കൂടിയ ചതുപ്പ് ആയതിനാലും, ആയത് വാസയോഗ്യമായി കാണാത്തതിനാലും, പ്രസ്തുത ഭൂമിക്ക് പകരമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വാസയോഗ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നു."*

10. പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം ടൂറിസം വകുപ്പിന് നൽകി:

*"'വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2004-ൽ കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ അപ്പൻപിള്ള റോഡിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2796, 2797-ൽപ്പെട്ട ഒരു ഏക്കർ ഭൂമി പൊതുആവശ്യത്തിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുകൂലമായിട്ടല്ല കൃഷി വകുപ്പ് അഭിപ്രായം ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത അഭിപ്രായത്തോട് റവന്യൂ വകുപ്പ്*

*യോജിക്കുന്നു. ടി ഭൂമിയ്ക്ക് പകരമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വാസയോഗ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നറിയിക്കുന്നു.*

*ഇതിന് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

11. പ്രസ്തുത വിഷയത്തിൽ കൃഷി, റവന്യൂ എന്നീ വകുപ്പുകളുടെ അഭിപ്രായ സഹിതം വിനോദസഞ്ചാര വകുപ്പ് മുഖേന ഫയൽ ബഹു.മന്ത്രിസഭ മുമ്പാകെ സമർപ്പിക്കണമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംയുക്ത സമിതിയുടെ യോഗത്തിൽ തീരുമാനിക്കുകയും, കൂടാതെ ബഹു.ലോകായുക്ത സമൻസ് അയച്ചുകൊണ്ട് തെളിവെടുപ്പിനായി കേസ് 25.02.2026-ലേക്ക് നിശ്ചയിച്ചിട്ടുള്ളതിനാലും അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കൃഷി, റവന്യൂ എന്നീ വകുപ്പുകളുടെ അഭിപ്രായ സഹിതം ടൂറിസം വകുപ്പ് ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, ഈ വിഷയം റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് മന്ത്രിസഭാ കുറിപ്പുകൾ കൃഷി വകുപ്പ് അടുത്ത മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് 05.03.2026 ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയുമുണ്ടായി.

12. പ്രസ്തുത മന്ത്രിസഭായോഗ തീരുമാനം പ്രകാരം ബഹു.കൃഷി വകുപ്പ് മന്ത്രി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ആരായുകയും, ബഹു.റവന്യൂ വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി:

*"ടൂറിസം പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ വേണ്ടിയായതിനാൽ തരം മാറ്റം അനുവദിക്കാൻ തീരുമാനിക്കാവുന്നതാണ്."*

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഇതരഭൂമി ലഭ്യമല്ലാത്തതിനാൽ തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ അപ്പൻപിള്ള റോഡിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും സെറ്റിൽമെന്റ് രജിസ്റ്ററിൽ നിലമായി രേഖപ്പെടുത്തിയതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ സർവ്വേ നമ്പർ 2796, 2797 എന്നിവയിൽപ്പെട്ട ഒരു ഏക്കർ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള 'പൊതു ആവശ്യം' എന്ന ഗണത്തിൽപ്പെടുത്തി

പരിവർത്തനം ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകാവുന്നതാണോ:

i. നിർദ്ദിഷ്ട ഭൂമി വേളി അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസ ആവശ്യത്തിനായി മാത്രം ഉപയോഗിക്കേണ്ടതാണ്.

ii. പ്രസ്തുത ഭൂമിയുടെ പരിവർത്തനം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം.

iii. പരിവർത്തനം നടത്തുമ്പോൾ പ്രകൃതിദത്ത ജലപ്രവാഹം തടസ്സപ്പെടാതെയും സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതെയും ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.